'ഭരണഭാഷ - മാതൃഭാഷ'
പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം
നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം-695 033
ഫോൺ: 0471-2304594, 0471--2303229. ഫാക്സ്: 0471-2302990.
ഇ-മെയിൽ: keralatribes@gmail.com

---

നമ്പർ. **E/E6/4469/2022/STDD(3)** തീയതി: **07/01/2023**

## <u>വിജ്ഞാപനം</u>

## <u>പട്ടികവർഗ്ഗ വികസന വകുപ്പിൽ ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്നു.</u>

പട്ടികവർഗ വികസന വകുപ്പിൽ ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ നിയമനത്തിനായി നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുള്ള പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

<u>നിയമന യോഗ്യതകൾ</u>

1. ഉദ്യോഗാർത്ഥികൾ പട്ടികവർഗ വിഭാഗത്തിൽ നിന്നും ഉള്ളവരായിരിക്കണം.
2. ആകെ ഒഴിവുകൾ -1
3. വിദ്യാഭ്യാസ യോഗ്യത- Degree from a recognized University and PGDCA/DCA from a Government recognized Institution
4. പ്രായപരിധി 21-35 വയസ്സ്.
5. അഭിമുഖത്തിന്റെ അടിസ്ഥാനത്തിലായിരിക്കും നിയമനം, പ്രവർത്തി പരിചയമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന ലഭിക്കുന്നതാണ്. നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുള്ളവർ മാത്രം അപേക്ഷ സമർപ്പിക്കേണ്ടതാണ്.
6. നിയമനം പട്ടികവർഗ വികസന വകുപ്പ് ആസ്ഥാനകാര്യാലത്തിൽ (*തിരുവനന്തപുരം*) ആയിരിക്കും.
7. നിയമനം തികച്ചും താൽക്കാലികവും 3-മാസകാലയളവിലേക്കും മാത്രമായിരിക്കും, സ്ഥിര നിയമനത്തിന് യാതൊരു വിധ അർഹതയും ഉണ്ടായിരിക്കുന്നതല്ല.

<u>അപേക്ഷ സമർപ്പണം</u>

നിശ്ചിത മാതൃകയിലുള്ള അപേക്ഷയിൽ ജാതി, വിദ്യാഭ്യാസ യോഗ്യത, പ്രായം,പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം അപേക്ഷ ഡയറക്ടർ,<u>പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം,നാലാം നില, വികാസ് ഭവൻ,തിരുവനന്തപുരം-695 033</u> എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.

*അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2023 ജനുവരി* ~~16~~ 23 *വൈകുന്നേരം 5 മണി.* കൂടുതൽ വിവരങ്ങൾ www.stdd.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്. വൈകി ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

ഡയറക്ടർ